നം.ക്യു.ഐ.പി.(2)/49175/14/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 28/06/2014

## സർക്കുലർ

വിഷയം:- 'ക്ലീൻ കാമ്പസ്- സേഫ് കാമ്പസ്' പദ്ധതി സ്കൂളുകളിൽ നടപ്പാക്കുന്നതു- സംബന്ധിച്ച്.

സൂചന:- ഗവ:സർക്കുലർ നമ്പർ 25832/ജി3/2014/പൊ.വി. തീയതി:13/6/2014

*********

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിൽ കൗമാരക്കാരിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി സമീപികാലത്തെ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സാമൂഹിക, സാമ്പത്തിക, പരിഗണനയോ സ്ഥലകാലപരിമിതിയോ ഇല്ലാതെ ഇതു വർദ്ധിച്ചുവരുന്നുവെന്നത് ഇതിന്റെ പ്രത്യേകതയാണ്. ഈ സാമൂഹിക വിപത്തിനെ നിർമ്മാർജനം ചെയ്യുന്നതിനായി കേരള ഗവൺമെന്റ് ആഭ്യന്തര, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളുടെ നേതൃത്വത്തിൽ 'ക്ലീൻകാമ്പസ്-സേഫ് കാമ്പസ്" എന്ന ഒരു ദീർഘകാല പദ്ധതി രൂപികരിച്ചിരിക്കുകയാണ്. വിദ്യാലയവും വിദ്യാലയാന്തരീക്ഷവും ലഹരി വിമുക്തമാക്കുകയും ആരോഗ്യവും കാര്യക്ഷമതയുള്ളതുമായ പൗരന്മാരെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ കാതലായ ലക്ഷ്യം

ഹയർ സെക്കണ്ടറിതലം വരെയുള്ള എല്ലാ വിഭാഗം സ്കൂളിലും ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബഹു.കേരള ഹൈക്കോടതിയുടെ 26/03/2012-ലെ വിധിയിൽ അടിയന്തിരമായി COPTA എന്നറിയപ്പെടുന്ന Indian tobacco control legislation- ന്റെ കർശനമായ നടത്തിപ്പിനായി ത്രിതല കമ്മിറ്റി രൂപികരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.അതനുസരിച്ച് സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) /1479/12/ ഹോം തീയതി: 17*05/2012 പ്രകാരം ത്രിതലകമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. സ്ഥാപനമേധാവി ചെയർമാനായുള്ള സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റിയാണ് (SPC) ഏറ്റവും താഴെ തലത്തിലുള്ള കമ്മിറ്റി.

***സ്കൂൾ തല പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ (SPC) ഘടന***

സ്ഥാപന മേധാവി- ചെയർപേഴ്സൺ

പി.ടി.എ പ്രസിഡന്റ്
എം.പി.ടി.എ. പ്രസിഡന്റ്
പി.ടി.എ.യിലെ അദ്ധ്യാപക അംഗം
സ്ഥലത്തെ പോലീസ് ആഫീസർ
} അംഗങ്ങൾ

സ്കൂൾ ലീഡർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, കമ്മ്യൂണിറ്റി, സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ Student Police Cadetes(SPC) സ്കൂൾതല മറ്റു ക്ലബുകൾ എന്നിവയെകൂടി സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റിയുമായി യോജിപ്പിച്ച് പ്രവർത്തിക്കേണ്ടതാണ്.

ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. ആഭ്യന്തര സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാനതല മോണിട്ടറിംഗ് കമ്മിറ്റിയും നിലവിലുണ്ട്. ബഹു.ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പു മന്ത്രിമാർ 03/06/2014 ന് ഈ പദ്ധതി പ്രഖ്യാപിക്കുകയും 13/06/2014-ന് ബഹു. കേരള മുഖ്യമന്ത്രി ഇതിന്റെ സംസ്ഥാനതല ഉത്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ല വിദ്യാഭ്യാസ ആഫീസർമാരും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും തങ്ങളുടെ പരിധിയിലുള്ള എല്ലാ സ്കൂളുകളിലും 30/06/2014-ന് നടക്കുന്ന സ്കൂൾ അസംബ്ലിയിൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും 'ക്ലീൻ കാമ്പസ്-സേഫ് കാമ്പസ്'' 'പ്രതിജ്ഞയെടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ 30/06/2014 ന് ജില്ലയിലെ ഏതെങ്കിലും ഒരു സ്കൂൾ അസംബ്ലിയിൽ പങ്കെടുക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രതിജ്ഞ എല്ലാ സ്കൂളുകളിലും നടക്കുവെന്ന് എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഉറപ്പുവരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

## ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ്

### *പ്രതിജ്ഞ*

സമൂഹത്തിലെ തിന്മകളും ദുർവാസനകളും ഇല്ലാതാക്കാനും നന്മയും സദ്ഗുണങ്ങളും പോഷിപ്പിക്കുന്നതിനും സമൂഹത്തിലെ ഒരു വ്യക്തി എന്ന നിലയിൽ പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഈ ലക്ഷ്യത്തോടെ സംസ്ഥാനത്തു നടപ്പിലാക്കുന്ന ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് പദ്ധതിയിൽ പങ്കാളിയാകുന്നതിനു ഞാൻ സന്നദ്ധനാണ്.

സ്കൂളിലും പരിസരങ്ങളിലും പൊതുസ്ഥലങ്ങളിലും മദ്യം, മയക്കുമരുന്നു തുടങ്ങിയവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഞാൻ പങ്കാളിയാകും.

ഞാൻ നിയമത്തിനു വിധേയമായി സാമൂഹിക ഉത്തരവാദിത്തത്തോടെ ജീവിക്കുകയും മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുകയും ചെയ്യും.

സ്കൂൾ പരിസരം സുരക്ഷിതമാക്കുന്നതിനും വിദ്യാർഥികൾക്ക് മെച്ചപ്പെട്ട ശ്രദ്ധയും പരിചരണവും നൽകുന്നതിനും ഞാൻ ശ്രദ്ധിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു.